(എഫ്) ഗജഘോഷയാത്രയുടെ സമാപന സമ്മേളനത്തിൽ പങ്കെടുത്ത മുഖ്യമന്ത്രി, ടൂറിസം മന്ത്രി, യുവജനക്ഷേമ വകുപ്പുമന്ത്രി എന്നിവർ ഗജഘോഷ യാത്രയിൽ ഒരാൾ മരിക്കാനിടയായ സംഭവം എപ്പോഴാണ് അറിഞ്ഞത് ;

(ജി) മുഖ്യമന്ത്രിയിൽ നിന്നും മറ്റുമന്ത്രിമാരിൽ നിന്നും ദുരന്തസംഭവം മറച്ചുവച്ചിരുന്നോ ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) ഗജമേളയിൽ സർക്കാർ ഉടമസ്ഥതയിലുള്ള കോടനാട് ആന പിടുത്ത കേന്ദ്രത്തിലെ പാർവ്വതി എന്ന ആനയെ പങ്കെടുപ്പിച്ചതിനെ കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ മേലിൽ നടപടി സ്വീകരിക്കുമോ ; പ്രസ്തുത ആന ഉൾപ്പെടെ രണ്ട് ആന മരിക്കാനിടയായ സംഭവത്തിന് ബന്ധപ്പെട്ടവരുടെ പേരിൽ കേസെടുക്കുമോ ?

ഉത്തരം

(എ-എച്ച്) ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി. എസ്. സെന്തലിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടു ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിച്ചാൽ അതു പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാർത്ഥി സംഘടനകൾ അക്രമം നടത്തുന്നതുമൂലം അദ്ധ്യയനം നടത്തുന്നതിനുള്ള ബുദ്ധിമുട്ട്

61 (61) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ ചില വിദ്യാർത്ഥി സംഘടനകൾ അക്രമണം അഴിച്ചുവിടുന്നതു മൂലം സമാധാനപൂർണ്ണമായി അദ്ധ്യയനം നടത്തുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലെ നിർമ്മലഗിരി കോളേജുകളിലെ എസ്.എഫ്.ഐ. പ്രവർത്തകർ പ്രസ്തുത കോളേജുകളിലെ പ്രിൻസിപ്പാളിനെ മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ കുറ്റക്കാരായി എത്ര എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ;

(സി) അതിലെ പ്രതികൾ ആരെല്ലാമാണ് ; ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത് ;

(ഡി) കൊല്ലം എസ്.എൻ. കോളേജിൽ 1999 അവസാന പാദത്തിൽ നടന്ന അക്രമ സംഭവങ്ങളിൽ കുറ്റക്കാരായ എത്ര പേർക്കെതിരെ പോലീസ് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട് ;

(ഇ) ഈ സംഭവത്തിലെ കുറ്റക്കാർ ആരെല്ലാമാണ് ; ഇവർ ഏത് വിദ്യാർത്ഥി സംഘടനകളിൽപ്പെട്ടവരാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോളേജ് കാമ്പസിനകത്തെ അക്രമപ്രവർത്തനങ്ങൾ തടയുന്നതിനും അദ്ധ്യയനം സുഗമമാക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രശ്നങ്ങളുള്ള കോളേജുകളിൽ വിദ്യാർത്ഥി സംഘടന പ്രതിനിധികളും, കോളേജ് അധികൃതരും പി.ടി.എ. പ്രവർത്തകരും പോലീസ് അധികൃതരും ഉൾപ്പെടുന്ന സമാധാന കമ്മറ്റികൾ രൂപീകരിച്ചും. ആവശ്യമെന്ന് കണ്ടാൽ പോലീസ് സംരക്ഷണം നൽകിയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 12 വിദ്യാർത്ഥികളുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്.

(സി) റെനിൻ, സന്തോഷ്, എന്നിവരും മറ്റ് കണ്ടാലറിയാവുന്ന പത്ത് പേരുമാണ് പ്രതികൾ. പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ഡി) എഴുപതുപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) എസ്.എഫ്.ഐയിലും കെ.എസ്.യു.വിലും പെട്ടവരാണ് കുറ്റക്കാർ.

(എഫ്) കോളേജുകളിൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി വിവരം മുൻകൂട്ടിയറിയുന്ന മുറയ്ക്കും പ്രിൻസിപ്പാളിന്റെ അനുമതിയോടെ കോളേജ് കാമ്പസിനകത്ത് നിയമ സമാധാന പാലനത്തിനായി പോലീസിനെ നിയോഗിച്ചുവരുന്നു.

കണ്ണൂരിലെ രാഷ്ട്രീയ സംഘട്ടനം

62 (62) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജനുവരി മാസത്തിനുശേഷം കണ്ണൂർ ജില്ലയിൽ ഉണ്ടായ സി.പി.എം., ബി.ജെ.പി സംഘട്ടനത്തിൽ കൊല്ലപ്പെട്ടവർ ആരെല്ലാം ; പരിക്ക് പറ്റിയവർ ആരെല്ലാം ;

(ബി) ഈ കാലഘട്ടത്തിൽ കണ്ണൂരിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഓരോന്നിലും എത്ര പ്രതികൾ വീതമുണ്ട് ; അവർ ആരെല്ലാം ;

(സി) ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണിവർ ;

(ഡി) ഇതിൽ എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ട് ;

(ഇ) കണ്ണൂർ സംഭവവുമായി ബന്ധപ്പെട്ട് ഏതെല്ലാം രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് എത്ര തുക വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ;

(എഫ്) കണ്ണൂരിൽ വധിക്കപ്പെട്ട സ്കൂൾ അദ്ധ്യാപകൻ ജയകൃഷ്ണന് നൽകിയിരുന്ന സെക്യൂരിറ്റി കുറ്റമറ്റതായിരുന്നോ ; ഇതിൽ എന്തെങ്കിലും വീഴ്ച വന്നിരുന്നോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly